(ബി) താഴെ പറയുന്നവയാണ് പ്രസ്തുത പ്രോജക്റ്റുകൾ

1. തിരുവനന്തപുരം കൊല്ലം ജില്ലകൾ ഉൾപ്പെടുന്ന തിരുവനന്തപുരം പ്രോജക്റ്റ്

2. തൃശ്ശൂർ പ്രോജക്റ്റ്

3. പാലക്കാട് പ്രോജക്റ്റ്

ട്രാൻസ്പോർട്ട് ആഫീസുകളിലേയും ബസ്സ്റ്റാൻഡുകളിലേയും ശോച്യാവസ്ഥയെപ്പറ്റിയുള്ള മലയാളമനോരമയുടെ സർവ്വേ റിപ്പോർട്ട്

217. (226) ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ബസുകളിലെ പ്രയാസകരമായ യാത്രയെപ്പറ്റിയും വിവിധ ട്രാൻസ്പോർട്ട് ആഫീസുകളിലേയും ബസ്സ്റ്റാൻഡുകളിലേയും ശോച്യാവസ്ഥയെപ്പറ്റിയുള്ള മലയാള മനോരമയുടെ സർവ്വെ റിപ്പോർട്ട് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇന്നത്തെ ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷന്റെ പരിഗണനയിലാണ്.

തിരുവനന്തപുരം—ആറ്റിങ്ങൽ ബസ് സർവ്വീസ്

218. (241) ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം—കിളിമാന്നൂർ—തുമ്പോട് ആറ്റിങ്ങൽ വഴിനിൽ ഒരു ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

വനിതാ കണ്ടക്ടർമാർ

219. (244) ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഡൽഹിയിലും മറ്റും ചെയ്തിട്ടുള്ളതുപോലെ കേരളത്തിലും വനിതാ കണ്ടക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ തൽക്കാലം വനിതാ കണ്ടക്ടർമാരെ നിയമിക്കുന്നതിന് യാതൊരു ഉദ്ദേശവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly